**നമ്പർ: 117/2022**

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം
വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും അനുഷ്ഠാനങ്ങൾ ക്രൈസ്തവരുടെ ജീവിത
ത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്. ആഴമായ അനുതാപ ബോധ്യങ്ങൾ ഉണരുവാനും പാപങ്ങൾ ഏറ്റുപറഞ്ഞ്
കഴുകി വെടിപ്പാക്കപ്പെടുവാനും കർത്താവിന്റെ കഷ്ടാനുഭവത്തോട് താദാത്മ്യപ്പെടുന്ന ഓരോ വിശ്വാസിക്കും
സാധ്യമാകും. നമ്മുടെ കർത്താവിന്റെ കരുണയുടെ വാതിൽ തുറന്നിട്ടിരിക്കുന്നു എന്ന ബോധ്യത്തിൽ ഈ സാധ്യ
തകളെ ഫലപ്രദമായി വിനിയോഗിക്കുവാൻ നമ്മുടെ ആത്മീയ അനുഷ്ഠാനങ്ങൾ മുഖാന്തിരം സാധ്യമാകണം.
പരിഹാസത്തിന്റെയും നിന്ദയുടെയും ക്രൂശ് ഉത്ഥാനത്തിന്റെ മഹത്വത്തെ പുൽകുന്നു എന്നതാണ് കർത്താവിന്റെ
കാൽവറി യാഗത്തിന്റെ അനന്തരഫലം. അസാധ്യതകളുടെ കബറിൽ നിന്ന് തന്റെ ശത്രുക്കളെ പിന്നിലേക്ക് അടി
ച്ചോടിച്ച് മരണത്തെ ജയിച്ച് പുതുജീവിതത്തിന്റെ സാധ്യതകളെ നമുക്കായി രക്ഷകൻ തുറന്നു തന്നിരിക്കുന്നു.
കല്ലറയിൽ നിന്ന് പുതുജീവന്റെ പരിമളം ഒഴുകിയെത്തുന്നു. എല്ലാം അസ്തമിച്ചുവെന്ന് കണക്കുകൂട്ടിയവരുടെ
നെഞ്ചിടിപ്പിന്റെ ആക്കം വർദ്ധിച്ചു. ഇതാണ് ക്രിസ്തു നമുക്ക് സമ്മാനിക്കുന്ന രക്ഷയുടെ വാഗ്ദാനം. പാപികളുടെ
വിമോചനത്തിനായി രക്ഷകൻ യാഗമായി മാറിയത് സ്നേഹത്തിന്റെ പ്രകടനരൂപമാണ്. മരണത്തിന് പ്രത്യാശ
യുടെ മുഖം നൽകി. വാടാത്ത ജീവന്റെ കിരീടം പ്രാപിക്കുവാനുള്ള വാതിലായി മരണത്തെ സ്വീകരിക്കുവാനുള്ള
ആഹ്വാനമാണ് ഉത്ഥിതനായ ക്രിസ്തു പങ്കുവയ്ക്കുന്നത്.

മഗ്ദലന മറിയാമിന് ലഭിച്ചത് പ്രകാശമയനായ ഉത്ഥിതന്റെ ദർശനമാണ്. കരഞ്ഞു നിലവിളിച്ച് കാൽവറി യാത്ര
യിൽ അകമ്പടി സേവിച്ച സ്തീസമൂഹത്തിന്റെ പ്രതിനിധിയായ മറിയാമിന് ആനന്ദത്തിന്റെ അനുഭവത്തിലേക്ക്
പ്രവേശനം ലഭിച്ചിരിക്കുന്നു. അവൾ പുതുധൈര്യം നേടിയിരിക്കുന്നു. പറുദീസായുടെ സ്ഥാപക നായി ഉത്ഥിത
നായ ക്രിസ്തുവിനെ പിതാക്കന്മാർ അവതരിപ്പിക്കുന്നു. പാതാളത്തിൽ മൃതന്മാരോട് സുവിശേഷം ഉദ്ഘോഷിച്ച
ക്രിസ്തു സർവ്വലോകത്തെയും ഉത്ഥാനത്തിന്റെ അത്ഭുതത്തിലേക്ക് ചേർത്തു എന്നതാണ് ഈസ്റ്റർ പെരുന്നാ
ളിന്റെ സവിശേഷമായ സന്ദേശം. ഈ അത്ഭുത സന്ദേശം ലോകത്തോട് ഘോഷിക്കുവാൻ ഭാഗ്യം ലഭിച്ച മറിയം
ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയുടെ ആൾരൂപമാണ്. പരിശുദ്ധ സഭയ്ക്ക് ലഭിച്ച നൽവരം ഉത്ഥിതനായ
ക്രിസ്തുവിനോട് ചേർന്നുള്ള ആരാധനയുടെ നിറവാണ്. ഉത്ഥിതനായ ക്രിസ്തുവിനോടുള്ള ആരാധനയാണ്
ഞായറാഴ്ച ദിവസത്തെ ധന്യമാക്കുന്നത്.

*ഉത്ഥിതനായ ക്രിസ്തു നൽകിയ സമാധാനത്തിന്റെ ദൂത് നിങ്ങൾക്കേവർക്കും നേരുന്നു...*

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ
വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപി
താവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും
മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതിക
ളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 മാർച്ച് മാസം 29-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.

**In the blessed name of the Tri-une God, Self-existent, Beginningless and Endless, Perfect in Being, (Glory be to Him) Moran Mar Baselios Marthoma Mathews III Catholicos of the East and Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 117/2022**

Blessings to our beloved Vicars of the churches, Priests of the locality, *Kaisthanees* and faithful of all the Parishes!

Dearly beloved,

The commemoration of the passion and resurrection of Jesus Christ are essential aspects in the life of Christians. Through identifying oneself with the suffering of Christ, a faithful can awaken in-depth feelings of repentance and be washed and cleansed by confessing sins. With the realization that the door of mercy of our Lord remains open before us, we should be able to make use of these possibilities through our spiritual observances. The aftermath of our Lord's sacrifice at Calvary is that the cross which was a symbol of ridicule and contempt embraces the glory of the resurrection. The Savior has opened up for us the possibilities of new life through His victory over death by driving back his foes rightout of the tomb of impossibilities. The fragrance of new life is flowing out of the tomb. The tempo of the heartbeats of those who anticipated the end paced up. This is the promise of salvation that Christ offers to us. The Savior becoming the sacrifice for the liberation of the sinners is the ultimate manifestation of love. Death is given a new face of hope. The resurrected Christ shares with us the exhortation to accept death as the door to receive the imperishable crown of life.

What Mary Magdalene encountered was a vision of the illuminated 'Risen one'. Mary, a representative of the women who accompanied Him on His journey to Calvary crying out with tears, has been granted entry into an experience of joy. She has acquired new courage. The holy fathers of the Church present the resurrected Christ as the founder of Paradise. The unique message of Easter is that Christ, who proclaimed the gospel to the dead in Hades, brought the whole world together to the miracle of resurrection. Mary, who received the blessing to proclaim this miraculous message to the world, is the personification of the fullness of the Christian life. The richness of worship in communion with the resurrected Christ is the gift granted to the Holy Church. Worship of the risen Christ is what makes Sunday blessed.

We share with you all the message of hope offered by the resurrected Christ…

May the Grace and Blessings of God Almighty abide with you forever. And may the prayers of the Mother of our God the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and all the Holy Saints be a stronghold for us. Amen.
Our Father who art in Heaven........................

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
On March 29, 2022.